## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4302 — 12/11/2019-ൽ മറുപടിയ്ക്ക്

# സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എൻ.എ ഖാദർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഭരണം വീണ്ടും നീട്ടി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ബാങ്കുകളിൽ എന്നു മുതലാണ് അപ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഭരണം ആരംഭിച്ചത്; | (എ) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം വീണ്ടും നീട്ടി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 11.04.2017 മുതലാണ് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ആരംഭിച്ചത്. |
| (ബി) | ചട്ടപ്രകാരം എത്ര കാലയളവ് വരെയാണ് സഹകരണ സംഘങ്ങളെ ഉദ്യോഗസ്ഥഭരണത്തിലാക്കാൻ വ്യവസ്ഥയുള്ളത്; വിശദമാക്കുമോ; | (ബി) | ചട്ടപ്രകാരം രണ്ട് വർഷം വരെയാണ് സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താൻ കഴിയുന്നത്. എന്നാൽ സംഘങ്ങളിലെ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 101 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റർ ഭരണം രണ്ടു വർഷത്തിലധികരിച്ചും തുടരാവുന്നതാണ്. |
| (സി) | സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച് ചട്ടം മറികടന്നുകൊണ്ട് അപ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഭരണം നീട്ടി നൽകുന്നതിനാധാരമായ ഏതു സാഹചര്യമാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ? | (സി) | സഹകരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചാണ് സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും അഡ്മിനിസ്ട്രേറ്റർ ഭരണം നീട്ടി നൽകിയിട്ടുള്ളത്.<br>സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ മേഖല |

| | | | |
|---|---|---|---|
| | | | റിസർവ്വ് ബാങ്കും നബാർഡും നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം ജില്ലാ ബാങ്കുകളുടെ ലയനത്തിനുള്ള അന്തിമ നടപടികൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിലാണ് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 101 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കുകളിൽ ഭരണസമിതി നിലവിലില്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഭരണസമിതി രൂപീകരിക്കാനാകാത്ത സാഹചര്യമുണ്ടായതിനാലാണ് കേരള സംസ്ഥാന സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**